നമ്പർ 369/2009

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്ത് പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരേ,

1825 മുതൽ 1855 വരെ മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന ഭാഗ്യസ്മരണാർഹനായ ചേപ്പാട്ട് ഫീലിപ്പോസ് മാർ ദീവന്നാസിയോസ് തിരുമേനിയുടെ 154 -ാം ഓർമ്മപെരുന്നാൾ 2009 ഒക്ടോബർ മാസം 11, 12 തീയതികളിൽ അദ്ദേഹം കബറിടങ്ങിയിരിക്കുന്ന ചേപ്പാട് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ കൊണ്ടാടുകയാണ്. ഏകദേശം എട്ട് നൂറ്റാണ്ടുകൾ പഴക്കമുള്ള ചേപ്പാട് പള്ളിയും മദ്ബഹായിലെ ചുവർചിത്രങ്ങളും വിദേശികൾ ഉൾപ്പടെ അനവധിയാളുകളുടെ സവിശേഷ ശ്രദ്ധയാകർഷിച്ചിട്ടുള്ളതാണ്. മലങ്കര സഭയിലെ അതി പുരാതനവും, വാസ്തു ശിൽപകലയിൽ തനിമ നിലനിർത്തുന്നതുമായ ദേവാലയമാണിത്. ഇതെല്ലാം പരിഗണിച്ച് ചേപ്പാട് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയെ ഒരു തീർത്ഥാടന കേന്ദ്രമായി നമ്മുടെ മുൻഗാമി പുണ്യശ്ലോകനായ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ പ്രഖ്യാപിച്ചിരുന്നു. ഈ വർഷത്തെ പെരുന്നാൾ ശുശ്രൂഷകൾക്ക് നാമും നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരും നേതൃത്വം നൽകുന്നതാണ്. ആയതിനാൽ പെരുന്നാൾ ദിവസം നിങ്ങളേവരും തീർത്ഥാടകരായി ഈ ദേവാലയത്തിൽ എത്തിച്ചേരണമെന്ന് സ്നേഹപൂർവ്വം താൽപര്യപ്പെടുന്നു.

ആ പരിശുദ്ധ പിതാവിന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.

2009 ഓഗസ്റ്റ് മാസം 19 -ാം തിയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.